
## വകുപ്പിന്റെ പ്രധാനപ്പെട്ട സംരംഭങ്ങൾ




### ഓപ്പറേഷൻ അമൃത്

ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രമേ ആന്റിബയോട്ടിക് മരുന്നുകളുടെ വില്പന നടക്കുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിനുള്ള വകുപ്പിന്റെ പ്രവർത്തനം



### ഓപ്പറേഷൻ വെറ്റ്ബയോട്ടിക്സ്

മൃഗങ്ങളിൽ ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം തടയുന്നതിനും ആന്റിബയോട്ടിക് മരുന്നുകൾ അടങ്ങിയ കാലിത്തീറ്റകളുടെ വിപണനം തടയുന്നതിനുമായി വകുപ്പ് നടത്തുന്ന റെയ്ഡ്

### ഓപ്പറേഷൻ ശരീര സൗന്ദര്യ

ജിംനേഷ്യങ്ങളിൽ സ്റ്റിറോയ്ഡ് അടങ്ങിയ മരുന്നുകൾ അനധികൃതമായി ഉപയോഗം നടത്തുന്നുണ്ടോയെന് കണ്ടെത്തത്തുന്നതിന് നടത്തുന്ന വ്യാപക പരിശോധന






### ഓപ്പറേഷൻ ഡബിൾ ചെക്ക്

ഡിസ്കൗണ്ട് ഫാർമസികളിലെയും, അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന മരുന്നുകളുടെയും മരുന്നുകളുടെ അനധികൃത വില്പന തടയുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനം

### ഓപ്പറേഷൻ സൗന്ദര്യ

വ്യാജവും ഗുണനിലവാരമില്ലാത്തതുമായ വസ്തുക്കളെ കണ്ടെത്തുന്നതിന്






### ഓപ്പറേഷൻ മാജിക് ആഡ്

ഡ്രഗ്സ് ആൻഡ് മാജിക് റെമെഡീസ് നിയമം 1954 ന് വിരുദ്ധമായി വിവിധ രോഗങ്ങൾ സുഖപ്പെടുത്തുമെന്ന് തെറ്റിദ്ധരിപ്പിക്കുന്ന അവകാശവാദങ്ങളോടെ മരുന്നുകൾ പരസ്യം ചെയ്യുന്നതിനെതിരെ സംസ്ഥാന വ്യാപകമായി വകുപ്പ് നടത്തിയ സ്പെഷ്യൽ ഡ്രൈവ്

## ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക്

1. മരുന്ന് വാങ്ങുമ്പോൾ ബിൽ ആവശ്യപ്പെടുക. ബിൽ തരുവാൻ നിയമപ്രകാരം കടയുടമ ബാധ്യസ്ഥനാണ്.
2. വാങ്ങിയ മരുന്നിന്റെ വില പരിശോധിക്കുക. മരുന്നുകളുടെ വിലയറിയുവാൻ നിങ്ങൾക്കവകാശമുണ്ട്.
3. ഓൺലൈൻ ലൈസൻസിങ് സംവിധാനം - മരുന്നുകൾ / സൗന്ദര്യ വർദ്ധക വസ്തുക്കൾ/മെഡിക്കൽ ഉപകരണ ലൈസൻസുകൾ എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കുകയും പുതുക്കുകയും ചെയ്യാവുന്നതാണ്.
4. ഫാർമസിസ്റ്റിന്റെ നിർദ്ദേശപ്രകാരം മാത്രം മരുന്നുകൾ കഴിക്കുക. എല്ലാ ഫാർമസികളിലും ഫാർമസിസ്റ്റിന്റെ സേവനം നിർബന്ധമാണ്. ഫാർമസിസ്റ്റ് നിങ്ങളെയും ഡോക്ടറേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ്. മരുന്നുകളുടെ ഡോസ് , ഉപയോഗക്രമം , പാർശ്വഫലങ്ങൾ മുതലായ എല്ലാ വിവരങ്ങളും നിങ്ങൾക്ക് നല്കുവാൻ അവർ സദാ സന്നദ്ധരാണ്.
5. മരുന്നിന്റെ പേര്, വില, നിർമ്മാണ തീയതി, കാലാവധി, സൂക്ഷിക്കേണ്ട രീതി മുതലായ എല്ലാ വിവരങ്ങളും സ്ട്രിപ്പിന്റെ പുറത്ത് രേഖപെടുത്തിയിട്ടുണ്ടോ എന്നു ശ്രദ്ധിക്കുക.
6. സർക്കാർ മരുന്നുകളാണെന്ന് സംശയിക്കാവുന്ന ഏതെങ്കിലും അടയാളങ്ങളോ കുറിപ്പുകളോ സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന മരുന്നുകളുടെ ലേബലിൽ ഉണ്ടോയെന്ന് പരിശോധിക്കുക.
7. 'Physician sample. Not to be sold' എന്ന് ലേബലിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകൾ വിൽക്കുന്നത് നിയമപ്രകാരം കുറ്റകരമാണ്.
8. ലേബലിൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ഉണ്ടോയെന്ന് പരിശോധിക്കുക.
9. വാങ്ങിയ മരുന്നും ഡോക്ടർ എഴുതിയ മരുന്നും ഒന്നുതന്നെയാണോ എന്നു പരിശോധിക്കുക. Schedule-H മരുന്നുകളുടെ പ്രിസ്ക്രിപ്ഷനിൽ ലൈസൻസിയുടെ പേരും വില്പന തീയതിയും വ്യാപാരി രേഖപ്പെടുത്തണം.
10. മൈക്രോബുകൾക്ക് (ബാക്ടീരിയ,വൈറസ്,ഫംഗസ്) എതിരെ ഉപയോഗിക്കുന്ന മരുന്നുകൾ ഫലപ്രദമാകാത്ത അവസ്ഥയാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (AMR). AMR ഒഴിവാക്കുന്നതിനായി ഡോക്ടർ നിർദ്ദേശിച്ച ഡോസ് നിശ്ചിത കാലയളവോളം രോഗലക്ഷണങ്ങൾ കുറഞ്ഞാലും തുടർച്ചയായി കഴിക്കുക.
11. സൗന്ദര്യവർദ്ധക വസ്തുക്കളുടെ പായ്ക്കറ്റ് ലേബലിൽ നിർമാതാവിന്റെ പേര്,വിലാസം, ലൈസൻസ് നമ്പർ, ബാച്ച് നമ്പർ, നിർമ്മാണ തീയതി,കാലാവധി എന്നിവ ഉണ്ടോയെന്നു ഉറപ്പുവരുത്തുക.
12. നാലു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രമേ ചുമ മരുന്നുകൾ നൽകാവൂ.
13. ഇൻസുലിൻ ,ടെറ്റനസ് ടോക്സോയ്ഡ് മുതലായ മരുന്നുകൾ റെഫ്രിജറേറ്ററിൽ സൂക്ഷിക്കുക. ലേബലിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ മരുന്നുകൾ അന്തരീക്ഷ ഊഷ്മാവിൽ സൂക്ഷിക്കാവുന്നതാണ്.
14. നാർക്കോട്ടിക് ആൻഡ് സൈക്കോട്രോപിക് മരുന്നുകളുടെ അനധികൃത വില്പനയും ഉപയോഗവും ഗുരുതര കുറ്റമാണ്. ഇത്തരം മരുന്നുകളുടെ ദുരുപയോഗം സ്വന്തം ആരോഗ്യവും കുടുബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യവും നശിപ്പിക്കും.
15. ബോഡി ബിൽഡിങ്ങിനായി ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ സ്റ്റിറോയ്ഡ് മരുന്നുകൾ ഉപയോഗിക്കരുത്. ജിമ്നേഷ്യങ്ങളിലൂടെയോ ട്രെയ്നർമാരിലൂടെയോ മരുന്നുകൾ വാങ്ങരുത്.
16. അത്ഭുത ചികിൽത്സ, ഉടൻ സുഖം, നൂറു ശതമാനം ഗ്യാരന്റി തുടങ്ങിയ വാഗ്ദാനങ്ങളോടെ രോഗങ്ങൾ സുഖപ്പെടുത്തുന്നുമെന്നു പറയുന്ന പരസ്യങ്ങളിൽ വഞ്ചിതരാകാതിരിക്കുക. ഈ പരസ്യങ്ങൾ നിയമവിരുദ്ധമാണ്.


പൊതുജനതാൽപര്യാർത്ഥം
സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ്


**ടോൾ ഫ്രീ നമ്പർ : 1800 425 3182**

കേരള സർക്കാർ

# ഡ്രഗ്സ് കൺട്രോൾ വകുപ്പ്

### വകുപ്പിന്റെ വീക്ഷണം (Vision)

മരുന്നിന്റെ ഉപയോഗം കുറച്ച് കൊണ്ട് എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുക.

### വകുപ്പിന്റെ ദൗത്യം (Mission)

ഗുണനിലവാരമുള്ള ഔഷധങ്ങളും, സൗന്ദര്യ വർദ്ധക വസ്തുക്കളും നിയന്ത്രിത വിലയിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക.

## ഡ്രഗ്സ് കൺട്രോൾ അഡ്മിനിസ്ട്രേഷൻ

### ഹെഡ് ഓഫീസ്

ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം
റെഡ് ക്രോസ്സ് റോഡ്,
വഞ്ചിയൂർ പി ഓ
തിരുവനന്തപുരം - 695035
ഫോൺ: 0471 2473256
www.dc.kerala.gov.in
dc.drugs@kerala.gov.in

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് വിഭാഗങ്ങളാണ് ഉള്ളത്

- എൻഫോഴ്സ്മെന്റ് വിഭാഗം
- അനലിറ്റിക്കൽ വിഭാഗം

## എൻഫോഴ്സ്മെന്റ് വിഭാഗം

### മേഖലാ ഓഫീസുകൾ

#### അസിസ്റ്റൻഡ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയങ്ങൾ (അലോപ്പതി)

1. തിരുവനന്തപുരം - മേലാറന്നൂർ , കരമന പി ഓ , 695002,
   Ph : 0471-2470507, adctvm.drugs@kerala.gov.in
2. കൊല്ലം - ആണ്ടാമുക്കം , ചിന്നക്കട , 691001,
   Ph : 0474-2741856, adcklm.drugs@kerala.gov.in
3. എറണാകുളം - സിവിൽ സ്റ്റേഷൻ , കാക്കനാട് , 682030,
   Ph :0484-2422819, adcekm.drugs@kerala.gov.in
4. തൃശ്ശൂർ - സിവിൽ സ്റ്റേഷൻ ,അയ്യന്തോൾ , 680003,
   Ph :0487-2362591, adctcr.drugs@kerala.gov.in
5. കോഴിക്കോട് - സിവിൽ സ്റ്റേഷൻ , മലാപ്പറമ്പ, 673020,
   Ph :0495-2371184, adckkd.drugs@kerala.gov.in
6. കണ്ണൂർ - താവക്കര , 670001
   Ph :0497-2707499,adcknr.drugs@kerala.gov.in

#### ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയങ്ങൾ (അലോപ്പതി)

1. പത്തനംതിട്ട - 689645,
   Ph :0468-2270236, dipta.drugs@kerala.gov.in
2. ആലപ്പുഴ - 688011
   Ph :0477-2230649, dialp.drugs@kerala.gov.in
3. കോട്ടയം - 686001,
   Ph :0481-2303380,diktm.drugs@kerala.gov.in
4. ഇടുക്കി - 685508
   Ph :04868-252191, diidk.drugs@kerala.gov.in
5. പാലക്കാട് - 678001
   Ph :0491-2503642 ,dipkd.drugs@kerala.gov.in
6. മലപ്പുറം - 676121
   Ph :0483-2765837, dimpm.drugs@kerala.gov.in
7. വയനാട് - 673591
   Ph :04936-248476, diwaynd@gmail.com
8. കാസർഗോഡ് - 671315
   Ph :0467-2208660 , diksd.drugs@kerala.gov.in

#### ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം (ആയുർവേദം)

തിരുവനന്തപുരം, ആരോഗ്യ ഭവൻ , എം ജി റോഡ് - 695001
Ph :0471 2335393, ddctvm.drugs@kerala.gov.in , dcayur@gmail.com

#### ഡ്രസ്സ് ഇൻസ്പെക്ടറുടെ കാര്യാലയങ്ങൾ (ആയുർവേദം)

1. കൊല്ലം ,ആണ്ടാമുക്കം , ചിന്നക്കട, 691001,
   Ph :0474-2760314, kollamdiayur@gmail.com
2. എറണാകുളം സിവിൽ സ്റ്റേഷൻ, കാക്കനാട് , 682030,
   Ph :0484-2426693, diayekm@gmail.com
3. കോഴിക്കോട് ,സിവിൽ സ്റ്റേഷൻ, മലാപ്പറമ്പ, 673020 ,
   Ph :0495-2373710, dikozhikode@gmail.com

## അനലിറ്റിക്കൽ വിഭാഗം

### മരുന്ന് പരിശോധന ലബോറട്ടറികൾ

1. തിരുവനന്തപുരം - റെഡ് ക്രോസ്സ് റോഡ് ,വഞ്ചിയൂർ പി ഓ ,695035,
   Ph : 0471-2570189 , dtltvpam@gmail.com
2. പത്തനംതിട്ട കുമ്മന്നൂർ പി ഓ ,കോന്നി , 689691,
   Ph : 0471-2570189 , dtlkonni@gmail.com
3. എറണാകുളം , പള്ളിക്കര ,കുസുമഗിരി പി ഓ , കാക്കനാട് ,682030,
   Ph : 0484-2421379 , rdtlernakulam@gmail.com
4. തൃശ്ശൂർ - മുളങ്കുന്നത്തുകാവ് പി ഓ , 680596 ,
   Ph :0487-2955300 , dtltrissur@gmail.com

## ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പിലാക്കുന്ന നിയമങ്ങൾ

1. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് 1940
2. ഡ്രഗ്സ് റൂൾസ് 1945
3. കോസ്മെറ്റിക്സ് റൂൾസ് 2020
4. മെഡിക്കൽ ഡിവൈസസ് റൂൾസ് 2017
5. ഡ്രഗ്സ് (പ്രൈസസ് കൺട്രോൾ) ഓർഡർ 2013 അണ്ടർ എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് 1955
6. ഡ്രഗ്സ് ആൻഡ് മാജിക് റെമെഡീസ് (ഒബ്ജെക്ഷണബിൾ അഡ്വെർടൈസ്മെന്റ്) ആക്ട് 1954 ആൻഡ് റൂൾസ് 1955
7. കേരള ഡ്രഗ്സ് ആൻഡ് അദർ സ്റ്റോഴ്സ് (അൺലോഫുൾ പൊസഷൻ) ആക്ട് 1971
8. പോയ്സൺ ആക്ട് 1919 ആൻഡ് കേരള പോയ്സൺ റൂൾസ് 1996
9. നാർക്കോട്ടിക് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് 1985

## വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ

- മരുന്നുകൾ(അലോപ്പതി,ആയുർവേദ,ഹോമിയോ,സിദ്ധ,യുനാനി) കോസ്മെറ്റിക്സ്, മെഡിക്കൽ ഡിവൈസുകളുടെ നിർമ്മാണം,വിൽപ്പന, വിതരണം എന്നിവ ലൈസൻസുകൾ വഴി നിയന്ത്രിക്കുന്നു. അസാധുവായ ലൈസൻസുകൾ ഉപയോഗിച്ചും ഫാർമസിസ്റ്റുകളില്ലാതെയും പ്രവർത്തിക്കുന്ന ഫാർമസികൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു .
- ആശുപത്രികളിലും, പാലിയേറ്റിവ്കെയർ കേന്ദ്രങ്ങളിലും RMI (Recognized Medical Institution) അംഗീകാരത്തിലൂടെ മോർഫിൻ, ഫെൻറ്റാനിൽ തുടങ്ങിയ നാർകോട്ടിക് മരുന്നുകളുടെ വിതരണം നിയന്ത്രിക്കുന്നു.
- ലൈസെൻസിങ്ങും പെർമിറ്റും വഴി പോയ്സണിന്റെ അനധികൃത വില്പന തടയൽ.
- ബ്ലഡ് സെന്ററിന്റെ പ്രവർത്തനത്തിനുള്ള ലൈസൻസും ബ്ലഡ് സ്റ്റോറേജ് സെന്ററിനുള്ള പെർമിറ്റും അനുവദിക്കുന്നു.
- മരുന്നു നിർമ്മാണ സ്ഥാപനങ്ങൾ, മെഡിക്കൽ സ്റ്റോറുകൾ, മരുന്നു വിതരണ സ്ഥാപനങ്ങൾ, ഫാർമസികൾ, ആശുപത്രികൾ, മരുന്നുകളുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ പരിശോധന.
- വ്യാജവും, മായം കലർന്നതും, ഗുണനിലവാരമില്ലാത്തതുമായ മരുന്നുകൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ എന്നിവയെ സംബന്ധിച്ച പരാതികളുടെ അന്വേഷണം.
- നിയമലംഘനങ്ങൾക്കെതിരെ വകുപ്പുതല/നിയമനടപടികൾ സ്വീകരിക്കുക.
- ഗുണനിലവാര പരിശോധന - മരുന്നുകൾ, സൗന്ദര്യ വർദ്ധകവസ്തുക്കൾ, മെഡിക്കൽ ഡിവൈസുകൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിക്കുക.
- ഗുണനിലവാരമില്ലാത്ത മരുന്നുകളും, സൗന്ദര്യ വർദ്ധകവസ്തുക്കളും നിർമ്മിക്കുന്നതിനും വിതരണം നടത്തുന്നതിനുമെതിരെ നിയമനിർവ്വഹണ നടപടികൾ സ്വീകരിക്കുക.
- ആന്റിബയോട്ടിക് മരുന്നുകൾ, നാർക്കോട്ടിക് മരുന്നുകൾ, മറ്റ് ദുരുപയോഗ സാധ്യതയുള്ള മരുന്നുകൾ എന്നിവയുടെ വിൽപ്പനയും, വിതരണവും നിരീക്ഷിക്കുക.
- ഉപഭോക്തൃ സംരക്ഷണവും ബോധവത്ക്കരണവും - മരുന്നുകൾ സുരക്ഷിതമായി ഉപയോഗിക്കുന്നതിനും, വ്യാജ മരുന്നുകളുടെയും, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെയും ഉപയോഗം തടയുന്നതിനും ഉപഭോക്താക്കൾക്ക് ബോധവത്കരണം നടത്തുക.
- മരുന്നുകൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ, മെഡിക്കൽ ഡിവൈസുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന പരാതികളുടെ അന്വേഷണം.
- പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള മരുന്നുകൾ ന്യായമായ വിലയിൽ ലഭ്യമാക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് PMRU (Price Monitoring and Resource Unit ) മുഖേന മരുന്നുകളുടെ വില നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.